# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 554

24.01.2018 ൽ മറുപടിക്ക്

### വ്യവസായ നിക്ഷേപത്തിന് ഏകജാലക ക്ലിയറൻസ് ബോർഡ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. വി. എസ്. ശിവകുമാർ**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ഭൂമിശാസ്ത്രപരമായ അനുകൂലഘടകങ്ങളും ഉയർന്ന സാക്ഷരതയും മിതമായ കാലാവസ്ഥയും ഉണ്ടായിട്ടും കേരളം വ്യവസായ നിക്ഷേപത്തിൽ പിന്നോക്കം ആണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ? | (എ) | കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷനാണ് (ഡി ഐ പി പി) നമ്മുടെ രാജ്യത്തെ വ്യവസായ നിക്ഷേപ സാധ്യത കണക്കാക്കി സംസ്ഥാനങ്ങളുടെ റാങ്കുകൾ നിർണ്ണയിക്കുന്നത്. കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ ഏകജാലക സംവിധാനം തുടങ്ങി പത്തോളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെയും റാങ്ക് ഡി ഐ പി പി നിർണ്ണയിക്കുന്നത്.<br><br>വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും സമയ ബന്ധിതമായി അനുമതികൾ ലഭിക്കേണ്ടതുണ്ട്. അതിനായി ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ എന്നിവയ്ക്കുള്ള വ്യവസ്ഥ ഇല്ലാത്തത്, എന്നിവ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ കുറവുകളായി കണ്ടെത്തിയിരുന്നു. നമ്മുടെ സംസ്ഥാനം ഇപ്പോൾ ഡി.ഐ.പി.പി-യുടെ റാങ്കിങ്ങിൽ മുൻനിരയിലെത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി വിവിധ വകുപ്പുകളിലെ ഏഴ് നിയമങ്ങൾ പരിഷ്കരിച്ചുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചു. കൂടാതെ ഓൺലൈൻ സംവിധാനവും, സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള സെല്ലും രൂപീകരിച്ചു. |
| (ബി) | ലോക ബാങ്കും, ഡി ഐ പി പി യും ചേർന്ന് ആവിഷ്കരിച്ച നിക്ഷേപക സൗഹൃദമാനദണ്ഡങ്ങൾ പ്രകാരം നിക്ഷേപക-അനുകൂല സാഹചര്യത്തിൽ കേരളത്തിന് ഇന്ത്യയിൽ എത്രാമത്തെ സ്ഥാനമാണുള്ളത് ; | (ബി) | 2016 ൽ ഡി ഐ പി പി തയ്യാറാക്കിയ 340 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 20 ആയിരുന്നു. 2017 ൽ ഡി ഐ പി പി നൽകിയ 372 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളുടെ റാങ്കിങ് ഇപ്പോൾ നടന്നുവരികയാണ്. 2016 ൽ കേരളം 26.97 ശതമാനം മാർക്കാണ് നേടിയത്. 2017 ലെ വിലയിരുത്തലിൽ കേരളം ഇതുവരെ 44 ശതമാനം മാർക്ക് നേടിയിട്ടുണ്ട്. ഡി ഐ പി പി യുടെ റാങ്കിങ് നിർണ്ണയം പൂർത്തിയായാൽ മാത്രമേ 2017 ലെ കേരളത്തിലെ റാങ്കും നേടിയ മാർക്കിന്റെ ശതമാനവും കണക്കാക്കപ്പെടുകയുള്ളൂ. |
| (സി) | പുതിയ സംരംഭങ്ങൾക്കുള്ള അപേക്ഷകൾ പരിശോധിച്ച് അനുമതി നൽകുവാൻ സംസ്ഥാനത്ത് ഏക ജാലക ക്ലിയറൻസ് ബോർഡ് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (സി) | സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്പ്മെന്റ് ആക്ട് 1999 നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഏകജാലക ക്ലിയറൻസ് ബോർഡ് ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും വ്യവസായ പാർക്കുകളിലും പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ഡി) | നിക്ഷേപകർക്ക് തടസ്സം നിൽക്കുന്ന നിയമവ്യവസ്ഥകളിൽ കാലോചിതമായ മാറ്റം വരുത്തി സംസ്ഥാനത്തേക്ക് വ്യവസായ നിക്ഷേപകരെ ആകർഷിക്കുന്നതിന് അടിയന്തര നടപടി | (ഡി) | സംസ്ഥാനത്തേക്ക് വ്യവസായ നിക്ഷേപകരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഈസ് ഓഫ് ഡൂയിങ് സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിനുള്ള ഭാഗമായി വിവിധ മേഖലകളിലെ ചട്ടങ്ങളും വ്യവസായനിയമ |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | ങ്ങളുമനുസരിച്ച് നവീകരണം നടപ്പാക്കാനാവശ്യമായ പഠനം നടത്തിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ , കേരളത്തിൽ വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടത്തുവാൻ വേണ്ടി വിവിധ വകുപ്പുകളിലെ ഏഴ് നിയമങ്ങൾ പരിഷ്ക്കരിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിൽ നിലവിലുള്ള അപേക്ഷാഫോറങ്ങൾ പരിഷ്ക്കരിക്കുകയും, വിവിധ വകുപ്പുകളുടെ അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം (കോമൺ ആപ്ലിക്കേഷൻ ഫോറം) രൂപകല്പന ചെയ്തിട്ടുണ്ട്.<br>സംസ്ഥാനത്ത് അനായാസം വ്യവസായം ആരംഭിക്കുന്നതിനുള്ള പാരിസ്ഥിതികാവസ്ഥ സർക്കാർ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാണ്. |

Bindu.T

**സെക്ഷൻ ഓഫീസർ**